മിനി ഡയറി യൂണിറ്റുകൾ

82 [1214] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാങ്ക് വായ്പ ലഭ്യമാക്കി 1,000 വനിതകൾക്ക് രണ്ട് പശു വീതമുള്ള ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 3.2 കോടി രൂപയുടെ പദ്ധതി പരിശോധനയിലാണ്.

ഡയറിഫാം ഇൻസ്ട്രക്ടർമാരുടെ പ്രീ-എൻട്രി പരിശീലനകാലം

83 [1215] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിൽ ഡയറിഫാം ഇൻസ്ട്രക്ടർമാരുടെ പ്രീ-എൻട്രി പരിശീലന കാലം അവരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് കണക്കിലെടുക്കണമെന്നുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പരിശീലനകാലം പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് പരിഗണിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം പരിശോധിച്ചതിനുശേഷം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ഡയറിഫാം ഇൻസ്ട്രക്ടർ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ പരിശീലനകാലം പ്രൊബേഷന് പരിഗണിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly